"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം- കൊച്ചി നഗരസഭയുടെ കീഴിൽ പ്രവർത്തിക്കുന്ന ഹോമിയോ ഡിസ്പെൻസറികളിൽ കരാറടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചു വരുന്ന ഡോക്ടർ, കമ്പൗണ്ടർ, അറ്റൻഡർ - വേതനം വർദ്ധിപ്പിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇയു)വകുപ്പ്**

സ.ഉ.(സാധാ) നം.665/2026/LSGD തീയതി,തിരുവനന്തപുരം, 10-03-2026

---

പരാമർശം:-

1. സ.ഉ(അച്ചടി)നം54/2025/ധന തീയതി 19.04.2025
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 22.07.2025, 15.02.2026 തീയതിയിലെ LSGD/PD/13630/2025-DEF6 നമ്പർ കത്തുകൾ
3. കൊച്ചി നഗരസഭാ കൗൺസിലിന്റെ 16.10.2025 ലെ 16/1◌ാ◌ം നമ്പർ തീരുമാനം.
4. കൊച്ചി മുൻസിപ്പൽ കോർപ്പ്റേഷൻ സെക്രട്ടറിയുടെ 31.01.2026-ലെ MOH3/1367963/24 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കൊച്ചി നഗരസഭയുടെ കീഴിൽ പ്രവർത്തിക്കുന്ന 32 ഹോമിയോ ഡിസ്പെറികളിൽ കരാറടിസ്ഥാനത്തിൽ ഡോക്ടർ, കമ്പൗണ്ടർ, അറ്റൻഡർ എന്നി തസ്തികകളിൽ സേവനമനുഷ്ഠിച്ചു വരുന്ന ജീവനക്കാർക്ക് പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരമുള്ള വേതനം അനുവദിക്കുന്നതിനായുള്ള അപേക്ഷ 22.07.2025-ലെ പരാമർശം (2) കത്ത് പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിരുന്നു. നിലവിൽ സേവനത്തിലുള്ള ദിവസവേതന/കരാർ ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച് കൊണ്ടുള്ള പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്ന മെഡിക്കൽ ഓഫീസർ(ഹോമിയോ) 46230/-രൂപയും, അറ്റൻഡർ, ഫാർമസിസ്റ്റ് എന്നിവർക്ക് 19310/-രൂപ വീതവും അനുവദിച്ച് ഉത്തരവായിരുന്നു. മേൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള വേതനം വർദ്ധിപ്പിക്കുമ്പോൾ ഉണ്ടാകുന്ന അധിക ബാദ്ധ്യത നഗരസഭയുടെ തനത് ഫണ്ടിൽ നിന്ന് വഹിക്കുന്നതാണെന്ന് പരാമർശം (3) പ്രകാരം അംഗീകരിച്ചിട്ടുള്ളതായി പരാമർശം (4) പ്രകാരം അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊച്ചി നഗരസഭയുടെ കീഴിൽ പ്രവർത്തിക്കുന്ന 32 ഹോമിയോ ഡിസ്പെൻസറികളിൽ ഡോക്ടർ, കമ്പൗണ്ടർ, അറ്റൻഡർ എന്നി തസ്തികകളിൽ കരാറടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചു വരുന്ന ജീവനക്കാർക്ക് പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരമുള്ള വേതനം 01.04.2025 പ്രാബല്യത്തിൽ അനുവദിച്ച് ഉത്തരവാകുന്നു. ആയതിലേയ്ക്ക് ആവശ്യമായ തുക നഗരസഭയുടെ തനത് ഫണ്ടിൽ നിന്ന് വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) തൃശ്ശൂർ

സെക്രട്ടറി, കൊച്ചി നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 10-03-2026 15:40:06
സെക്ഷൻ ഓഫീസർ